പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1409 13.12.2012 ൽ മറുപടിക്ക്

# കുട്ടനാട് താലൂക്കിലെ നിർമ്മാണ പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ)കുട്ടനാട് താലൂക്കിൽ ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾ ആണ് പൂർത്തീകരിക്കാനുള്ളത് എന്ന് വിശദമാക്കുമോ ; | (എ) കെ.എസ്.ടി.പി. |

കുട്ടനാട് താലൂക്കിൽ കൂടി കടന്നുപോകുന്ന ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെ ഉപരിതലം പുതുക്കൽ പൂർത്തിയായി വരുന്നു.

കെട്ടിട വിഭാഗം

കുട്ടനാട് താലൂക്കിലെ എടത്വാ സബ്ട്രഷറി, പുളിങ്കുന്ന് താലൂക്ക് ആശുപത്രി, രാമങ്കരി വെറ്റിനറി ഡിസ്പെൻസറി, ആനപ്രമ്പാൽ വെറ്റിനറി ഡിസ്പെൻസറി എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് കെട്ടിട വിഭാഗത്തിൽ നിന്നും പൂർത്തിയാക്കുവാനുള്ളത്.

നിരത്തുകളും പാലങ്ങളും

1. ചമ്പക്കുളം വെസ്റ്റ് ബസ് സ്റ്റാന്റ് മുതൽ വേലം കലം കടവ് (നെടുമുടി കരുവാറ്റ റോഡ് ചെ.4/378 മുതൽ 4/957) അഭിവൃദ്ധിപ്പെടുത്തൽ
2. മഠത്തിൽ തോട് പാലവും അതിന്റെ അപ്രോച്ച് റോഡും.
3. നബാർഡ്-നെടുമുടി കുപ്പപ്പുറം റോഡ് ചെ.5/630 മുതൽ 9/635 വരെ
4. ബി.എം.ബി.സി. - ഹരിപ്പാട് വീയപുരം റോഡ് ചെ.0/000 മുതൽ 10/000 വരെ (ഹരിപ്പാട്-വീയപുരം ചെ.0/000 മുതൽ 6/010 ഉം എടത്വ വീയപുരം റോഡ് ചെ.0/000 മുതൽ 3/707 വരെ)
5. മങ്കൊമ്പ് -കാവാലം-വികാസ്മാർഗ്ഗ്-പുളിങ്കുന്ന് റോഡ് ചെ.8/050 മുതൽ 9/440 വരെ.
6. കിടങ്ങറ-കാവാലം റോഡ് ചെ.0/150 മുതൽ 4/500 അഭിവൃദ്ധിപ്പെടുത്തൽ

7. കാട്ടുനിലം-മടക്കപ്പള്ളി മുപ്പത്തിനാലിൽപാലം ചെ.0/00 മുതൽ 4/500 വരെ അഭിവൃദ്ധിപ്പെടുത്തൽ
8. കാട്ടാകുഴി-വണ്ടകപ്പള്ളി മുതൽ കാവാലം-വികാസ്മാർഗ്ഗ് വരെ അഭിവൃദ്ധിപ്പെടുത്തൽ.
9. കാട്ടചെമ്പറ്റ പയറ്റുപട്ട വാലഡി - ഈരറോഡ് അഭിവൃദ്ധിപ്പെടുത്തൽ
10. എടത്വ വീയപുരം റോഡ് ചെ.2/600 മുതൽ 8/707 വരെ അഭിവൃദ്ധിപ്പെടുത്തൽ.

(ബി) എടത്വാ സബ്ട്രഷറി, പുളിങ്കുന്ന് താലൂക്ക് ആശുപത്രി എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പുളിങ്കുന്ന് താലൂക്ക് ആശുപത്രിയുടെ നിർമ്മാണം പുരോഗമിക്കുന്നു. എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. എടത്വാ സബ് ട്രഷറിയുടെ സ്ഥലവുമായി ബന്ധപ്പെട്ട് കേസ് നിലവിലുള്ളതിനാൽ നിർമ്മാണം നിശ്ചലാവസ്ഥയിലാണ്.

(സി) നടപ്പു സാമ്പത്തിക വർഷം കുട്ടനാട്ടിലെ ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(സി) ഭരണാനുമതിയൊന്നും തന്നെ ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ